ആരംഭിച്ചിട്ടുള്ള കേരള ഫീഡ്സിന് വില വളരെ കൂടുതലാണ്. സബ്സിഡി നൽകി വില കുറച്ചു കൊടുക്കണമെന്ന വ്യാപകമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യം പരിഗണിച്ചിട്ടുണ്ടോ; അതിന്റെ വില കുറച്ചു കൊടുക്കാൻ തീരുമാനമെടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ഇപ്പോൾ ഡിമാന്റ് സാറ്റിസ്ഫൈ ചെയ്യാൻ സാധിക്കുന്നില്ല. പലയിടത്തുനിന്നും ഉള്ള ആവശ്യത്തിനനുസരിച്ച് കൊടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് സബ്സിഡിയെക്കുറിച്ച് ആലോചിച്ചിട്ടില്ല. സബ്സിഡി ഇല്ലാതെ തന്നെ ഉല്പാദിപ്പിക്കുന്നത് വാങ്ങാൻ ആളുകൾ തയ്യാറാണ്. അതിന്റെ ക്വാളിറ്റി അത്ര നല്ലതാണ്. ഇപ്പോൾ പ്രൊഡക്ഷൻ ക്രൈസിസുണ്ട്. ഈ മേഖലയിൽ ത്രിതല പഞ്ചായത്തുകളാണ് സബ്സിഡി കൊടുത്തുകൊണ്ടിരിക്കുന്നത്.

6 (*455) പൂട്ടിക്കിടക്കുന്ന ആശുപത്രികൾ

<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ആശുപത്രികൾ പൂട്ടിക്കിടക്കുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ ആശുപത്രികൾ പൂട്ടാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വിവിധ മേഖലകളിൽ പൂട്ടിക്കിടക്കുന്ന ആശുപത്രികൾ ഏതൊക്കെയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ജി) ഇവ സമയബന്ധിതമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം അവ പ്രവർത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളാണ് ഇപ്രകാരം പ്രവർത്തിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഐ) എങ്കിൽ ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. വി.സി. കബീർ)</u> : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ ആശുപത്രികൾ പൂട്ടിക്കിടക്കുന്നില്ല. എന്നാൽ ചില വാർഡുകൽ തുറന്നു പ്രവർത്തിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അരൂർ ആയുർവേദാശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് ഐ.പി. പ്രവർത്തനം 15-8-97 മുതൽ നിറുത്തിവച്ചിരിക്കുകയാണ്.

(ബി) എല്ലാ മാസാന്ത്യത്തിലും ആരോഗ്യവകുപ്പ് സെക്രട്ടറിയും വകുപ്പദ്ധ്യക്ഷനും ചേർന്ന് നടത്തുന്ന ജില്ലാ മെഡിക്കലാഫീസർമാരുടെ അവലോകന പരിപാടിയിൽ ഇത്തരം പ്രശ്നങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അരൂർ ആയുർവേദാശുപത്രിക്ക് കെട്ടിടസൗകര്യം അനുവദിക്കുന്നതിന് പഞ്ചായത്ത് അധികൃതരുമായി കത്തിടപാടുകൾ നടത്തിവരികയാണ്.

(സി)&(ഡി) ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോച്യാവസ്ഥയാണ് അരൂർ ആയുർവേദാശുപത്രി പൂട്ടാനുണ്ടായ കാരണം. ആരോഗ്യവകുപ്പിന്റെ കീഴിൽ 80 ആശുപത്രികളിൽ ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫിന്റേയും അഭാവത്തിലും 27 ആശുപത്രികളിൽ വെള്ളവും വൈദ്യുതിയും ഇല്ലാത്തതുകൊണ്ടും പൂട്ടിക്കിടക്കുന്നുണ്ട്. അവ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) നാട്ടുചികിൽത്സാ വകുപ്പിന്റെ കീഴിൽ അരൂർ ആയുർവേദ ആശുപത്രി പൂട്ടിക്കിടക്കുന്നു. ആരോഗ്യവകുപ്പിൽ ആശുപത്രികൾ പൂട്ടിയിട്ടില്ല. ഒ.പി. വിഭാഗം സുഗമമായി പ്രവർത്തിക്കുന്നുണ്ട്.

(എഫ്)&(ജി) ഇക്കാര്യം അരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വാർഡുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ അതാതു സ്ഥാപനമേധാവികൾ വൈദ്യുത ബോർഡുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) ഒഴിവുകൾ നികത്താത്തതുമൂലം ആശുപത്രികൾ പ്രവർത്തിക്കാതിരിക്കുന്നില്ല. എന്നാൽ കിടത്തി ചികിത്സിക്കുവാൻ രണ്ട് ഡോക്ടർമാരുടേയും മൂന്ന് സ്റ്റാഫ് നഴ്സുമാരുടേയും സേവനം ആവശ്യമാണ്. 1961 മുതൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് അനുവദനീയമായ ജീവനക്കാരുടെ എണ്ണം കിടത്തി ചികിത്സ നടത്തുന്നതിന് പര്യാപ്തമല്ല.

(ഐ) 550 ഒഴിവുകളിൽ പി.എസ്.സി.മുഖേനയുള്ള നിയമനം നടത്തിക്കഴിഞ്ഞു. 342 പേർ ജോലിയിൽ പ്രവേശിപ്പിച്ചു. നിലവിലുള്ള 362 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി 400 ഡോക്ടർമാരുടെ ലിസ്റ്റ് പി.എസ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർക്ക് ശമ്പളം കുറവായതുകൊണ്ടാണ് ഡോക്ടർമാരെ കിട്ടാത്തത് എന്ന് പറയുന്നതു ശരിയോണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി.സി. കബീർ</u> : സർ, സ്വകാര്യ ആശുപത്രികളിൽ നിന്നും കിട്ടുന്ന ശമ്പളം അനുസരിച്ചാണെങ്കിൽ സർക്കാർ ആശുപത്രികളിൽ

LIBRARY ARCHIVES Kerala Legislative Assembly

അത്രയും ശമ്പളം കിട്ടുന്നില്ല. ഡോക്ടർമാർ ഈ പരാതി ഉന്നയിച്ചിട്ടുള്ളതു കൊണ്ടും ശമ്പള പരിഷ്ക്കരണത്തിൽ അവർക്ക് പരിഗണന ലഭിച്ചില്ല എന്ന പരാതി നിലനിൽക്കുന്നതിനാലും അക്കാര്യം പിന്നീട് പരിശോധിക്കാവുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേരളത്തിൽ നിന്നും എം.ബി.ബി.എസ്. പാസ്സായവർക്ക് അഞ്ചുവർഷം ഇവിടെ നിർബന്ധിത സേവനം നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഈ സഭയിൽതന്നെ ചില ഡോക്ടർമാർ ഇതുവരെ ആശുപത്രിയുടെ പടി കണ്ടിട്ടില്ല എന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയുമോ?

ശ്രീ. വി.സി. കബീർ : സർ, ഈ സഭയിലെ ചില ഡോക്ടർമാർ ആശുപത്രിയുടെ പടി കണ്ടിട്ടില്ല എന്നുള്ളതു അവരുടെ വ്യക്തിപരമായ കാര്യമാണ്. അതൊടൊപ്പം തന്നെ ഡോക്ടർമാരുടെ സേവനത്തിൽ നിശ്ചിത സമയം ഗവൺമെന്റിന് ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല. അതനുസരിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. ജോസ് ബേബി : സർ, നമ്മുടെ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന ആശുപത്രികളെക്കുറിച്ചു പറഞ്ഞു. അട്ടപ്പാടി ട്രൈബൽ ഏരിയയിലെ അഗളി പഞ്ചായത്തിൽ പൊതുജനങ്ങൾ കളക്ട് ചെയ്ത് പണമുണ്ടാക്കി ഒരു ആശുപത്രി തുറന്നിട്ടുണ്ട്. ആ ആശുപത്രി ഏതാനും മാസങ്ങളായി പൂട്ടിക്കിടക്കുകയാണ്. അതിനു പറയുന്ന കാരണം അവിടെ ഡോക്ടറും സ്റ്റാഫും ഇല്ലെന്നുള്ളതാണ്. ആ ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കണമെന്ന് കുറേക്കാലമായി ആ പ്രദേശത്തുള്ള ജനങ്ങൾ ആവശ്യപ്പെടുകയാണ്. നാളിതുവരെയായി ആ ആശുപത്രി തുറന്നുപ്രവർത്തിപ്പിക്കുന്നില്ല. അതുപോലെ ആ പ്രദേശത്തെ ചില ആശുപത്രികൾ കറണ്ട് ബിൽ അടച്ചില്ല എന്നുപറഞ്ഞുകൊണ്ട് പൂട്ടിപ്പോവുകയാണ്. അതിലുള്ള ഒരു പ്രശ്നം പഞ്ചായത്തുകൾക്ക് അധികാരം കൊടുത്ത സന്ദർഭത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കറണ്ട് ബിൽ അടയ്ക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുന്നതിനു മുൻപുള്ള ബിൽ അടയ്ക്കാൻ ഡിപ്പാർട്ടുമെന്റ് തയ്യാറാകാത്തതുകൊണ്ട് ആശുപത്രി പൂട്ടിപ്പോവുകയാണ്. ആ ആശുപത്രിയും തുറന്നു പ്രവർത്തിപ്പിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. വി.സി. കബീർ : സർ, അഗളി ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കാൻ സ്റ്റാഫിന്റെ കുറവുണ്ട്. പി.എസ്.സി.യിൽ നിന്നും ലിസ്റ്റ് കിട്ടിയാൽ ഡോക്ടർമാരെ നിയമിക്കും. വൈദ്യുതി കുടിശ്ശിക ബാക്കിയുണ്ട്, അതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. കുടിശ്ശിക എങ്ങനെ അഡ്ജസ്റ്റ് ചെയ്യാം എന്നതിനെക്കുറിച്ച് ഉടനെ തീരുമാനമുണ്ടാകും.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, പാലക്കാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന് വെൽഫെയർ കമ്മിറ്റി ആവശ്യമായ സജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഡോക്ടറെ കിട്ടാത്തതുകൊണ്ട് പണം മുടക്കിയിട്ടും പ്രയോജനമില്ലാത്ത സ്ഥിതിയിലാണ്. പാമ്പുകടിയേറ്റാൽ ഏറ്റവും അത്യാവശ്യമായി ഡയാലിസിസ് ചെയ്യേണ്ടതുണ്ട്. അവിടെ ആവശ്യമായ ഡോക്ടറെ നിയമിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. വി.സി. കബീർ : സർ, ഡയാലിസിസ് നടത്താൻ ആവശ്യമായ നെഫ്രോളജിസ്റ്റിനെ കിട്ടാൻ ബുദ്ധിമുട്ടാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടിട്ടുണ്ട്. അതിനാൽ പ്രത്യേകമായ പരിശീലനം കൊടുക്കുന്ന ഏർപ്പാട്ചെയ്തുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*456) വ്യാജ പരസ്യങ്ങൾ നൽകി വിപണിയിൽ ഇറങ്ങുന്ന ആയുർവേദ മരുന്നുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരസ്യങ്ങൾ നൽകി രോഗികളെ ആകർഷിക്കുന്ന ആയുർവേദ മരുന്നുകൾ വിപണിയിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(സി) ഇവയുടെ നിർമ്മാണവും വിതരണവും പരിശോധിച്ച് നടപടി എടുക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) വ്യാജ പരസ്യങ്ങൾ നൽകി വിതരണം നടത്തുന്ന ആയുർവേദ മരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്.

(ബി) വ്യാജ പരസ്യങ്ങൾ നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദവിവരം അനുബന്ധം† ആയി ചേർത്തിരിക്കുന്നു.

(സി) ആയുർവേദ മരുന്നുകൾ വിൽപ്പനയ്ക്കായി നിർമ്മിക്കുന്നതിന് 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് അനുസരിച്ച് ഡ്രഗ്സ് കൺട്രോളറുടെ ലൈസൻസ് ആവശ്യമാണ്. ലൈസൻസ് അനുവദിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ആയുർവേദ വിഭാഗം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ മരുന്ന് നിർമ്മാണ യൂണിറ്റുകളിലെ സംവിധാനം, സാങ്കേതിക വിദഗ്ദ്ധന്റെ സേവന ലഭ്യത എന്നിവ പരിശോധിച്ച് മരുന്നുകൾ അംഗീകൃത യോഗാവലികളനുസരിച്ചുള്ളവയാണെന്നും അവയിൽ ഉപയോഗിക്കുന്ന ഘടകങ്ങൾ അംഗീകൃത യോഗങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയാണെന്നും നിർദ്ദിഷ്ട ഫോർമുല ശരിയായ രീതിയിലുള്ളതാണ് എന്നുമുള്ള വസ്തുതകൾ ഉറപ്പുവരുത്തുന്നുണ്ട്. വിൽപ്പനശാലകളും വിതരണ കേന്ദ്രങ്ങളും നിയന്ത്രിക്കുന്നതിന് പ്രത്യേക സംവിധാനമൊന്നും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ നിലവിലില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly